പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നം.3102 21.08.2017 ൽ മറുപടിയ്ക്ക്

**സകർമ്മ സോഫ്റ്റ് വെയർ**

**ചോദ്യം** **ഉത്തരം**

ശ്രീ. അനിൽ അക്കര

ഡോ. കെ. ടി. ജലീൽ
(തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| എ) | 2017 മുതൽ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും ഭരണസമിതിയോഗ നടപടികൾ 'സകർമ'യിൽ നൽകണമെന്ന് നിർദ്ദേശം നൽകിയിരുന്നോ; | എ) | എല്ലാ ഗ്രാമ പഞ്ചായത്തുകളും, നഗരസഭകളും ഭരണസമിതി യോഗ നടപടികളും തീരുമാനങ്ങളും സകർമ്മ സോഫ്റ്റ് വെയർ മുഖേന ചെയ്യണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| ബി) | പല തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പ്രസ്തുത സോഫ്റ്റ് വെയറിൽ ഡേറ്റ കൃത്യമായി ചേർക്കുന്നില്ലായെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സകർമ്മ നടപ്പാക്കുന്നതിലുള്ള ജീവനക്കാരുടെയും ഭരണസമിതികളുടെയും താല്പര്യക്കുറവാണ് സർക്കാർ തീരുമാനം പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിന് വിഘാതമായത് എന്ന് കണ്ടെത്തിയിട്ടുണ്ടോ; | ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കേരളത്തിലെ എല്ലാ നഗരസഭകളിലും കൗൺസിൽ യോഗ നടപടിക്രമങ്ങൾ ഓൺലൈൻ മുഖാന്തിരമാക്കുന്നതിന്റെ ഭാഗമായി സകർമ്മ സോഫ്റ്റ് വെയർ എല്ലാ നഗരസഭകളിലും ഉപയോഗിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നഗരസഭാ സെക്രട്ടറിമാർക്ക് ഇത് നടപ്പിലാക്കുവാനായി നിർദ്ദേശം നൽകിയിട്ടുമുണ്ട്. |
| സി) | എങ്കിൽ സകർമ്മ പൂർണ്ണതോതിൽ നടപ്പിലാക്കുവാൻ കർശന നടപടി സ്വീകരിക്കുമോ? | സി) | സകർമ്മ സോഫ്റ്റ് വെയർ 31.10.2017 നകം ഗ്രാമപഞ്ചായത്തുകളിൽ പൂർണ്ണതോതിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ നഗരസഭയുടെ കൗൺസിൽ യോഗ നടപടികൾ ഓൺലൈനാക്കുന്നതിന്റെ ഭാഗമായി സകർമ്മ സോഫ്റ്റ് വെയർ എല്ലാ നഗരസഭകളിലും നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ